**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4539 18.05.2017- ൽ മറുപടിക്ക്**

**"സൂക്ഷ്മ, ചെറുകിട വ്യവസായ യൂണിറ്റുകൾക്കായി സംരംഭക സഹായ പദ്ധതി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, പി.ടി.എ. റഹീം<br>,, കെ. ദാസൻ<br>,, പി.വി. അൻവർ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സൂക്ഷ്മ, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധന പിന്തുണ നൽകുന്നതിന് സംരംഭക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ), ബി), സി), ഡി) & ഇ) | സൂക്ഷ്മ, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധന പിന്തുണ നൽകുന്നതിന് സംരംഭക സഹായ പദ്ധതിയായ എന്റർപ്രൈണർ സപ്പോർട്ട് സ്കീം (ESS) നിലവിൽ ഉണ്ട്. പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്കും, നിലവിലുള്ള വ്യവസായ സംരംഭങ്ങളുടെ അധികമായ മൂലധന നിക്ഷേപത്തിനും നിശ്ചിത ശതമാനം തുക ധനസഹായമായി നൽകിക്കൊണ്ട് മേഖലയെ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br><br>സംരംഭകത്വ സഹായ പദ്ധതിപ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു(പരാമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും, പട്ടിക ജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരം ഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു(പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10%(പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭി ക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപ ത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു. ധനസഹായവും അധികധനസഹായവും ചേർത്ത് എല്ലാ സാമൂഹിക വിഭാഗങ്ങളിലുംപെട്ടവർക്ക്(ജനറൽ, വുമൺ, യൂത്ത്, എസ്.സി/എസ്.റ്റി) പരമാവധി അനുവദിക്കുന്ന |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| സി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഈ പദ്ധതി പ്രകാരം ഒരു സംരംഭകന് ലഭ്യമാകുന്ന പരമാവധി സഹായം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; | | |
| ഇ) | പ്രസ്തുത പദ്ധതിയിൽ വനിതാ സംരംഭകർക്ക് പ്രധാന്യം നൽകിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ എത്ര ശതമാനം വിഹിതമാണ് സ്ത്രീ സംരംഭകർക്കായി നീക്കി വെച്ചിട്ടുള്ളതെന്ന് | | |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | തുക 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു.<br>ഒരു സംരംഭകന് ലഭ്യമാകുന്ന പരമാവധി സഹായം 30 ലക്ഷം രൂപയാണ്.<br>വനിതാ സംരംഭകരെ പ്രത്യേക വിഭാഗമായി കണക്കാക്കി 5% അധിക ധനസഹായം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**